(ബി) ഈ സമരം എത്ര ദിവസം നീണ്ടുനിന്നു ; ഈ സമരത്തോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; അതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തു ;

(സി) പ്രസ്തുത സമരത്തോടനുബന്ധിച്ച് എത്ര പേർക്ക് പരിക്ക് പറ്റി ; എത്ര കേസ്സുകൾ ഇപ്പോൾ വിവിധ കോടതിയിൽ നിലവിലുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 53 ദിവസം. 32 കേസ്സുകൾ രജിസ്റ്റർ ചെയ്തു ; അതിൽ 28 കേസ്സുകൾ ചാർജ്ജ് ചെയ്തു.

(സി) 25 പേർക്ക് പരിക്ക് പറ്റി. 5 കേസ്സുകൾ കോടതിയിൽ വിചാരണയിലാണ്.

കണ്ണൂർ സംഘട്ടനങ്ങളിൽ അംഗഭംഗം വന്നവർ

70 (1004) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്രപേരുടെ കാലുകളും കൈകളും ഛേദിക്കപ്പെട്ടു ;

(ബി) ഇവർ ആരെല്ലാം ;

(സി) ഇവരുടെ രാഷ്ട്രീയപാർട്ടി ബന്ധം വെളിപ്പെടുത്തുമോ ;

(ഡി) ഓരോ സംഭവത്തിനും കേസെടുത്തിട്ടുണ്ടോ ; ഈ ഓരോ സംഭവത്തിലെയും പ്രതികൾ ആരെന്നും അവരുടെ രാഷ്ട്രീയ ബന്ധം എന്തെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ കേസ്സുകൾ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കണ്ണൂർ ജില്ലയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത രാഷ്ട്രീയ സംഘട്ടനങ്ങൾ

71 (1005) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ.പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിരന്തരമുള്ള രാഷ്ട്രീയ സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സമാധാന കമ്മിറ്റി യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിൽ വന്നിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നടപ്പിൽ വരാത്ത തീരുമാനങ്ങൾ ഏതൊക്കെയാണ് ; ഏതൊക്കെ പാർട്ടിക്കാരാണ് ഇതിന് തടസ്സമായി നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1233

(ബി) രാഷ്ട്രീയ സംഘട്ടനങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗും പോലീസ് പിക്കറ്റു പോസ്റ്റും ഏർപ്പെടുത്തിയും ജില്ലാതലത്തിലും സർക്കിൾ തലത്തിലും സർവ്വകക്ഷി സമാധാന യോഗങ്ങൾ വിളിച്ചു ചേർത്തും രാഷ്ട്രീയ സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സമാധാന കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുകയും ആയത് പാലിച്ച് വരികയും ചെയ്യുന്നുണ്ട്.

(ഡി) എല്ലാ തീരുമാനങ്ങളും നടപ്പിൽ വരുന്നുണ്ട്. ആരും തന്നെ തടസ്സം നിൽക്കാറില്ല.

തളിപ്പറമ്പിലെ അക്രമ സംഭവം

72 (1006) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ 11-ന് രാത്രി തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പന്നിയൂർ പ്രദേശത്ത് ഏതാനും വീടുകളും റേഷൻകടകളും വസ്തുവകകളും മറ്റും തകർത്ത സംഭവമുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ ആരുടെയെല്ലാം വീടുകളും കടകളും വ്യാപാര സ്ഥാപനങ്ങളും വസ്തുവകകളും തകർക്കപ്പെടുകയും തീ വയ്ക്കപ്പെടുകയും ചെയ്തു ;

(സി) ഇതുമൂലം ഓരോരുത്തർക്കും എന്തു തുകയുടെ വീതം നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ഡി) ഈ വീടുകളും വ്യാപാരസ്ഥാപനങ്ങളും തകർക്കുകയും തീ വയ്ക്കുകയും ചെയ്യുന്നതിന് മുൻപ് അവയിലോരൊന്നിലും കൊള്ള നടന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly